**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **04-10-2021 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദ്ദം തകർക്കുന്ന വ്യാജ പ്രചരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുവാനും രാജ്യത്തിന്റെ മതേതരത്വ ജനാധിപത്യ മുന്നേറ്റത്തിനു ഭീഷണി ഉയർത്തുവാനും സഹായിക്കുന്ന പ്രസ്താവനകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഇത്തരം പ്രസ്താവനകൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം സമീപനങ്ങൾ സ്വീകരിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുമോ ; | (ബി) | ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വ്യാജ പ്രചരണങ്ങൾ നടത്തുന്നവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുവാനും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ ? | (സി) | സാമൂഹ്യമാധ്യമങ്ങളിലൂടെ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിലും വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന തരത്തിലും പ്രചരണം നടത്തുന്നവരെ നിരീക്ഷിച്ചുവരുന്നതും, അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിങ്ങുകൾ നടത്തി വരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും, സ്റ്റേറ്റ്/ ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും മുൻകൂറായി വിവരശേഖരണം നടത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ